ബന്ധപ്പെട്ട മെമ്പറിന്റെ കീഴിലായിരിക്കും. പ്രോഫിറ്റ് സെന്ററുകളുടെ ചുമതലയും അധികാര പരിധിയും നിർണ്ണയിച്ചിട്ടുണ്ട്. പ്രോഫിറ്റ് സെന്ററുകളുടെ പരിധിയിൽ പെടാത്ത വിഭവസമാഹരണം, പദ്ധതി മോണിറ്ററിംഗ്, മാനവശേഷി പൊതുഭരണം മുതലായവ കോർപ്പറേറ്റ് ഓഫീസിന് കീഴിലായിരിക്കും. ബോർഡ് ചെയർമാനാണ് കോർപ്പറേറ്റ് ഓഫീസിന്റെ തലവൻ. പുന:സംഘടന സംബന്ധിച്ച് പഠനം നടത്തിയ കർമ്മ സമിതികളുടെ റിപ്പോർട്ടുകൾ പഠിച്ച് സംയോജിപ്പിച്ചുള്ള അപ്പക്സ് കമ്മിറ്റി റിപ്പോർട്ടുകൾ ബോർഡിന്റെയും ഗവൺമെന്റിന്റേയും അനുമതിക്കും വിധേയമായി ഘട്ടം ഘട്ടമായിട്ടാണ് പുന:സംഘടന നടപ്പാക്കുക. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പുന:സംഘടന മൂലമുണ്ടാകുന്ന പ്രധാന മാറ്റങ്ങൾ താഴെപ്പറയുന്നവയാണ്. വ്യക്തമായ ഉത്തരവാദിത്വം നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രോഫിറ്റ് സെന്ററുകൾ നിലവിൽ വരും. ഓരോ പ്രോഫിറ്റ് സെന്ററിന്റെ കീഴിലും ക്രയവിക്രയം നടത്തുന്ന വൈദ്യുതിയുടെ അളവ് കൃത്യമായി കണക്കാക്കുവാൻ സാധിക്കും. ഇതുമൂലം സാമ്പത്തിക അച്ചടക്കം കർശനമായി പാലിക്കാൻ സാധിക്കുന്നതാണ്. ഉപഭോക്താക്കളെ അസംതൃപ്തരാക്കുന്ന നടപടികൾ ഒഴിവാക്കി നല്ല ഉപഭോക്തൃബന്ധം വളർത്തിയെടുക്കുന്നതിന് കഴിയും. ഓരോ പ്രോഫിറ്റ് സെന്ററിലും വൈദ്യുതി സംബന്ധിച്ച് കണക്ക് വരുമെന്നതിനാൽ ഉൽപാദനം, പ്രസരണവും, വിതരണത്തിനും ലഭ്യമാകുന്ന വൈദ്യുതി എന്നിവയുടെ കൃത്യമായ കണക്ക് ലഭിക്കുന്നതാണ്. പ്രസരണ വിതരണം നഷ്ടം കുറച്ചുകൊണ്ടുവരുവാനും ഇതുമൂലം സാധിക്കുന്നതാണ്. മൊത്തത്തിൽ ബോർഡിന്റെ കാര്യക്ഷമത തൽഫലമായി വർദ്ധിക്കുന്നതാണ്.

**'രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ശുദ്ധജലം' ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതി**

20 (*49) ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ശുദ്ധജലം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതിയുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള പുരോഗതി എന്താണെന്നും ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമോയെന്നും വിശദമാക്കാമോ ;

(ബി) വികസന പ്രക്രിയകൾ മൂലം കായലുകളുടേയും നദികളുടേയും വിസ്തൃതി കുറയുന്നതായും നിലം നികത്തുന്നതുമൂലം ഭൂഗർഭജലം മാറ്റുന്നതായുമുള്ള സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലഭ്യമായ ജലവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തി ശുദ്ധ ജലക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ സാദ്ധ്യതകൾ ആരായാൻ സർക്കാർ തയ്യാറാവുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി&സി) നിലം നികത്തുന്നതുമൂലം ഭൂഗർഭജലത്തിന്റെ അളവ് കുറയുവാൻ സാദ്ധ്യതയുണ്ട്. എന്നാൽ പാറക്കെട്ടുകളിലും മറ്റ് ആഴമേറിയ ഭൂജല സ്രോതസുകളിലും തങ്ങി നിൽക്കുന്ന ഭൂജലത്തെ ഇത് ബാധിക്കുന്നതല്ല. നിലം നികത്തുന്നതു മൂലം പ്രസ്തുത പ്രദേശങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്കവും വേനൽക്കാലത്ത് കടുത്ത വരൾച്ചയും അനുഭവപ്പെടുന്നുണ്ട്.

(ഡി) ഇക്കാര്യത്തിൽ വേണ്ട നടപടികൾ എടുത്തു വരുന്നു.

## ആദിവാസി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതി

**21 (*50)** ശ്രീ. പി. കെ. കുമാരൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ആദിവാസി സങ്കേതങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട് ;

(സി) സ്വന്തമായി വീടില്ലാത്ത മുഴുവൻ ആദിവാസികൾക്കും വീട് നിർമ്മിച്ചു നൽകാനുള്ള പദ്ധതി നിലവിലുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ആദിവാസി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകിയിട്ടുണ്ട്;

(ഇ) ആദിവാസികളുടെ ഉന്നമനം ലക്ഷ്യമാക്കി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(എഫ്) ആദിവാസി സങ്കേതങ്ങളിൽ വൈദ്യുതി, കുടിവെള്ളം എന്നിവ സൗജന്യമായി നൽകാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ?

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം - II

**20-6-2000-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം 20 (*49) ദയവായി കാണുക.**

'രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ശുദ്ധജലം' എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്ക്കരിച്ച ബൃഹത് പദ്ധതി കേരള ജല അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്ത സംരംഭമായാണ് നടപ്പിലാക്കി വരുന്നത്. ഗ്രാമീണ ജനങ്ങൾക്ക് പ്രതിദിനം 40 ലിറ്റർ എന്ന തോതിലും നഗരവാസികൾക്ക് പ്രതിദിനം 70 ലിറ്റർ എന്ന തോതിലും ശുദ്ധ ജലം എത്തിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പ്രസ്തുത പദ്ധതിക്ക് മൊത്തം 1423 കോടി രൂപയാണ് മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ കേരള ജലഅതോറിറ്റി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് മാത്രമായി 795.78 കോടി രൂപ വേണ്ടി വരും.

1998-99, 1999-2000, 2000-2001 എന്നീ മൂന്ന് വർഷങ്ങളിലായി കേരള ജല അതോറിറ്റി 128 വൻകിട പദ്ധതികൾ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടതിൽ 1998-99-ൽ 39 പദ്ധതികളും 1999-2000 മാണ്ടിൽ 27 പദ്ധതികളും പൂർത്തീകരിക്കാൻ കഴിഞ്ഞു. ശേഷിക്കുന്ന പദ്ധതികൾ 2001 മാർച്ചോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

മേൽ പ്രസ്താവിച്ച പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ മതിയായ അളവിൽ ശുദ്ധജലം എത്തിക്കേണ്ട 8081 എൻ.ബി./പി.സി. ഹാബിറ്റേഷനുകളാണുള്ളത്. ഇതിൽ കേരള ജല അതോറിറ്റിയുടെ ചുമതലയിൽ 2144 ഹാബിറ്റേഷനുകളിലേയ്ക്കുള്ള ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിന് 510.70 കോടി രൂപ വേണ്ടി വരും. ഇതിൽ 747 പദ്ധതികൾക്ക് 50.43 കോടി രൂപയുടെ ധനാനുമതി നൽകി. കൂടാതെ മേൽ സൂചിപ്പിച്ച പദ്ധതിയിൽ 141 തെരെഞ്ഞെടുത്ത സെൻസസ് ടൗണുകളിൽ ശുദ്ധജലമെത്തിക്കേണ്ട പദ്ധതികളും ഉൾപ്പെടുന്നു. ഇതിൽ 49 പദ്ധതികൾ കേരള ജല അതോറിറ്റിയാണ് നടപ്പിലാക്കേണ്ടത്. ഇതിന് 77 കോടി രൂപ വേണ്ടി വരും.

"രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം" എന്ന പദ്ധതി യാഥാർത്ഥ്യമാക്കുവാൻ ബാക്കിയുള്ള എൻ.സി./പി.സി. ഹാബിറ്റേഷനുകളിൽ ശുദ്ധജലമെത്തിക്കുന്നതിന് 460.27 കോടി രൂപയും, സെൻസസ് ടൗണുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് 77 കോടി രൂപയും കൂടാതെ 62 വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ തുകയുൾപ്പെടെ ഭീമമായ മൂലധനം സ്വരൂപിക്കേണ്ടത് ആവശ്യമാണ്. എന്നാൽ സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി വകകൊള്ളിച്ചിട്ടുള്ള തുക തികയില്ല. അതിനാൽ ഉന്നതതല കമ്മിറ്റിയുടെ ശുപാർശ പ്രകാരം ബാങ്കുകൾ മുഖേന വായ്പകൾ സ്വരൂപിച്ചും കടപത്രങ്ങൾ ഇറക്കിയും ഉപഭോക്താക്കളിൽ നിന്നുള്ള കോൺട്രിബ്യൂഷൻ വഴിയും ആവശ്യമുള്ള ഫണ്ട് ശേഖരിക്കാനുള്ള ശ്രമത്തിലാണ്. അതിനായുള്ള നടപടികൾ എടുത്തു വരുന്നു. ഈ പദ്ധതി പൂർത്തിയാകുമ്പോൾ ഗണ്യമായ തോതിൽ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly